വയനാട് ജില്ലയിലെ ജൈനക്ഷേത്രങ്ങൾ പരിരക്ഷിക്കുവാൻ നടപടി

26 [1804] ശ്രീ. ടി. എൻ. പ്രതാപൻ:

,, കെ. സി. ജോസഫ്:

,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലുള്ള ജൈനക്ഷേത്രങ്ങൾ പുരാവസ്തു വകുപ്പുമായി ചേർന്ന് പരിരക്ഷിക്കുവാൻ ടൂറിസം വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജൈനക്ഷേത്രങ്ങൾ എന്നറിയിക്കാമോ;

(സി) ഈ ക്ഷേത്രങ്ങളുടെ തനിമയ്ക്കു കോട്ടം തട്ടാതെ പരിരക്ഷിക്കുന്നതിന് വിദഗ്ദ്ധരായ ആളുകളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പുത്തനങ്ങാടി ജനാർദ്ദനക്ഷേത്രം, കൃഷ്ണഗുഡി ക്ഷേത്രം

(സി) ഇക്കാര്യത്തിൽ പുരാവസ്തു വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

വൻകിട ജലസേചന പദ്ധതികൾ

27 [1805] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രവർത്തനമാരംഭിച്ചവ ഏതെല്ലാം;

(സി) നിർമ്മാണത്തിലിരിക്കുന്നവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ടവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ വൻകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. മൂവാറ്റുപുഴ ജലസേചന പദ്ധതി.
2. കല്ലട ജലസേചന പദ്ധതി.
3. ഇടമലയാർ ജലസേചന പദ്ധതി.
4. കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി.
5. പഴശ്ശി ജലസേചന പദ്ധതി.
6. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി.
7. മലമ്പുഴ ജലസേചന പദ്ധതി.
8. ചാലക്കുടി ജലസേചന പദ്ധതി.
9. പീച്ചി ജലസേചന പദ്ധതി.
10. പമ്പ ജലസേചന പദ്ധതി.
11. പെരിയാർവാലി ജലസേചന പദ്ധതി.
12. ചിറ്റൂർപുഴ ജലസേചന പദദ്ധതി.
13. കുറ്റിയാടി ജലസേചന പദ്ധതി.
14. നെയ്യാർ ജലസേചന പദ്ധതി.
15. ചിമ്മിനി ജലസേചന പദ്ധതി.
16. ചാലിയാർ ജലസേചന പദ്ധതി.
17. ആറളം ജലസേചന പദ്ധതി.

(ബി) പ്രവർത്തനമാരംഭിച്ച വൻകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. മലമ്പുഴ ജലസേചന പദ്ധതി.
2. ചാലക്കുടി ജലസേചന പദ്ധതി.
3. പീച്ചി ജലസേചന പദ്ധതി.
4. പമ്പ ജലസേചന പദ്ധതി.
5. പെരിയാർവാലി ജലസേചന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

6. ചിറ്റൂർപ്പുഴ ജലസേചന പദ്ധതി.
7. കുറ്റിയാടി ജലസേചന പദ്ധതി.
8. നെയ്യാർ ജലസേചന പദ്ധതി.
9. ചിമ്മിനി ജലസേചന പദ്ധതി.

(സി) നിർമ്മാണത്തിലിരിക്കുന്ന വൻകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. മുവാറ്റുപുഴ ജലസേചന പദ്ധതി.
2. കല്ലട ജലസേചന പദ്ധതി.
3. ഇടമലയാർ ജലസേചന പദ്ധതി.
4. കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി.
5. പഴശ്ശി ജലസേചന പദ്ധതി.
6. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി.

കുറിപ്പ്: 1. ഇവയിൽ കല്ലട, പഴശ്ശി, കാഞ്ഞിരപ്പുഴ പദ്ധതികൾ "അസിസ്റ്റന്റ്സ് ഫോർ വൈന്റിംഗ് അപ് ഓഫ് പ്രോജക്ട്സി"-ൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൽ, ബഹു. കേരള ഹൈക്കോടതി 445/2000-ാം നമ്പർ ഒ. പി.-യിൽ പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നതിനുവേണ്ടി മൂലത്തറ വലതുകര കനാലിന്റെ ചെയിനേജ് 12075 മീറ്റർ മുതൽ 16125 മീറ്റർ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണവും ചെയിനേജ് 2010 മീറ്റർ മുതൽ 12075 മീറ്റർവരെയുള്ള ഭാഗത്തിന്റെ വീതി കൂട്ടൽ പ്രവൃത്തികളും മാത്രമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

(ഡി) പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ട വൻകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. ചാലിയാർ ജലസേചന പദ്ധതി.
2. ആറളം ജലസേചന പദ്ധതി.

സമീപവാസികളുടെ എതിർപ്പുമൂലം ചാലിയാർ വൻകിട ജലസേചന പദ്ധതി പല ചെറുകിട പദ്ധതികളായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly